KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.140/PR/PIC/PHQ/14 Date : 28.06.2014

## തിരുവനന്തപുരം ജില്ലയിൽ ആന്റിപൈറസി റെയ്ഡ്: ഒരാൾ അറസ്റ്റിൽ

ആന്റി പൈറസി സെൽ പോലീസ് ഉദ്യോഗസ്ഥരും വിഴിഞ്ഞം പോലീസും സംയുക്തമായി പകർപ്പവകാശമില്ലാത്ത വ്യാജ സി.ഡി കൾ കണ്ടെത്തുന്നതിനു നടത്തിയ റെയ്ഡിൽ വിഴിഞ്ഞം ജംഗ്ഷന് സമീപം "എസ്.എം.ജെ.ഗ്യാലറി" കട നടത്തിവന്ന വിഴിഞ്ഞം, പുല്ലൂർക്കോണം, എസ്.എം.ജെ. മൻസിലിൽ സുധീറിനെ 200-ഓളം വ്യാജ സി.ഡികളുമായി അറസ്റ്റ് ചെയ്തു. പുതിയ മലയാളം സിനിമകളായ ***"ഓം ശാന്തി ഓശാന", "ദൃശ്യം", "ലണ്ടൻബ്രിഡ്ജ്", "1983", "ബാല്യകാലസഖി"*** തുടങ്ങിയ സിനിമകളാണ് ഇയാളിൽ നിന്നും പിടിച്ചെടുത്തത്.

ആന്റി പൈറസി സെൽ പോലീസ് സുപ്രണ്ട് ബി. വർഗ്ഗീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി പോലീസ് സുപ്രണ്ട് എസ്.റഫീക്ക്, എസ്.ഐ.അനൂപ് ആർ ചന്ദ്രൻ, എ.എസ്.ഐമാരായ വിഷ്ണു പ്രസാദ്, അസ്സീം, മണികണ്ഠൻ, സി.പി.ഒ ബെന്നി എന്നിവരും വിഴിഞ്ഞം പോലീസും റെയ്ഡിൽ പങ്കെടുത്തു.

*****************